# അക്ഷരം

ഫ്രോയ്ഡ് ഒരിക്കൽ പറഞ്ഞു: ആകസ്മികമായ ധാർമ്മികബന്ധനങ്ങളിൽ നിന്നും മോചിതനായിരുന്നുവെങ്കിൽ, മനുഷ്യൻ മൃഗതുല്യനാകുമായിരുന്നു.

ബർലിനിലെ വിശ്വവിഖ്യാതമായ മൃഗശാലയിൽ ഭീകരനായ ഒരു മൃഗമുണ്ട്. "സൂക്ഷിക്കണം, ഇവൻ അപകടകാരിയാണ്." അതിനുമുകളിൽ എഴുതിവെച്ചിരിക്കുന്നു. യഥാർത്ഥത്തിൽ നിങ്ങൾക്ക് അവിടെ കാണാൻ കഴിയുന്നത് ഒരു കണ്ണാടി മാത്രം.

ദൈവം അരുളി : ആകാശ ഭൂമികളിൽ നിങ്ങളുടെ അഭീഷ്ടം നടന്നിരുന്നുവെങ്കിൽ ജഗത് വ്യവസ്ഥയെ നിങ്ങൾ തൂത്തെറിയുമായിരുന്നു.

○ ○ ○

ഏതാനും മാസങ്ങൾക്ക് മുമ്പുള്ള ഒരു ഇംഗ്ലീഷ് പത്രത്തിന്റെ മുഖചിത്രം. അതൊരു പന്ത്രണ്ടു വയസ്സുകാരിയായിരുന്നു. പേര് സീത. ആധുനിക ഇന്ത്യൻ സ്ത്രീത്വത്തിന്റെ അവതാര രത്നമായ ഫൂലൻ ദേവി തന്റെ പ്രതികാരത്തിന്റെ ഭാഗമായി ഠാക്കൂർമാരെ നിരത്തിവെടിവെക്കുമ്പോൾ, ലോകത്തിന്റെ രൗദ്രഭാവം സ്വപ്നത്തിൽ പോലും കാണാൻ കഴിയാത്ത ഒരു മൂന്നു വയസ്സുകാരിയായിരുന്നു അവൾ. ഫൂലൻ ആ പിഞ്ചുബാലികയെ തൊട്ടിലിൽ നിന്ന് വലിച്ചെടുത്ത് നിലത്തേക്കെറിഞ്ഞു. ഇന്ന് അവൾ നിതാന്ത വികലയാണ്.

ഇന്ന് സാമൂഹ്യമൂല്യങ്ങളും ലോകക്രമവും ഉദ്വേഗജനകമായ ഒരു മാറ്റത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. പരമ്പരാഗത സ്വത്വങ്ങളിൽ നടത്തുന്ന കാർബോണിക, രസതന്ത്ര പരീക്ഷണങ്ങൾ ഇന്നലെയുടെ കാണാത്ത മുഖഭാവത്തെ സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ഇന്നലെയുടെ കൊലയാളി ഇന്നിന്റെ ധീരനായകനാകുന്നു. കുറ്റവാളികൾ ധ്വംസിക്കപ്പെട്ട വ്യക്തിത്വത്തിന്റെ പ്രതികാര സ്വരമായി മാറുന്നു. അധർമ്മവും, അക്രമവും മാനുഷസ്വത്വത്തിന്റെ ഭാഗമായവതരിപ്പിച്ച് അതുമായി രാജിയാകുവാൻ നാം തിടുക്കം കാണിക്കുന്നു. അമ്മയെ തല്ലിയവനും ന്യായവാദങ്ങൾ ചമച്ച് കൊടുക്കുന്നു.

രക്തം കൊണ്ട് വംശീയ വീരഗാഥ രചിക്കുന്ന യുഗോസ്ലാവ്യയിലെ സെർബ് ഭീകരരെ നേരിടുന്ന ആലംബഹീനരായ ബോസ്നിയൻ മുസ്ലിംകൾക്ക് ആയുധം നൽകാൻ പാടില്ല ! അത് മേഖലയിലെ സമാധാനം ഭഞ്ജിക്കും !!

ഇവിടെ നിർവ്വചനങ്ങളത്രയും മാറുന്നു.

○ ○ ○

നിസ്സീം എസക്കിയേൽ പറഞ്ഞു: അതികിറുക്കനും അതിധിഷണാശാലിയുമായിരുന്നു ഡിലാൻ തോമസ്. എന്നാൽ അദ്ദേഹത്തെ അനുകരിച്ച് ജീവിച്ചവർ പൂർണ്ണഭ്രാന്തരും ബുദ്ധിശൂന്യരുമായിരുന്നു.

അഭിനവ ഇന്ത്യയുടെ സാംസ്കാരിക വിപണന കേന്ദ്രം വ്യാജന്മാരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ബംഗാളി സാഹിത്യത്തെയും ഭാരത സംസ്കാരത്തെയും വാനോളം ഉയർത്തിയ ടാഗോറിന് പകരം മാർക്കറ്റിലുള്ളത് തസ്ലീമാ നസ്റിനാണ്.

○ ○ ○

ഇന്ത്യ ഭൂതത്തിലോ ഭാവിയിലോ ആണ്. രൂപ്കൻവറിന്റെയും, ഡിസംബർ ആറിന്റെയും തമോയുഗത്തിലാവാമത്. അല്ലെങ്കിൽ ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ ഹൈ-ടെക് സ്വർഗത്തിലാവാം. പക്ഷേ, വർത്തമാനത്തിന്റെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടേണ്ടിയിരിക്കുന്നു; ചുരുങ്ങിയത് വിദ്യാർത്ഥികളെങ്കിലും. ഇന്ത്യയുടെ രാഷ്ട്രഭാഷയിൽ ഇന്നലെക്കും, നാളെക്കും ഒരൊറ്റ പദമേയുള്ളു-കൽ. ഇതൊരിന്ത്യൻ പ്രതിഭാസമാവാം. ഭൂത-ഭാവി വിഭ്രമം.

അധാർമ്മികതയുടെ ഭീകര പ്രസരണമാണന്തരീക്ഷത്തിൽ. ഈ കംസരാജ്യത്തിൽ ഇനിയും കൃഷ്ണജന്മം പ്രതീക്ഷിച്ച്, അഥവാ പ്രതീക്ഷാശേഷിപോലും നഷ്ടപ്പെട്ട് ഇന്ത്യ ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് മുടന്തുന്നു. നമുക്ക് അകമ്പടി സേവിക്കാൻ അഴിമതി അലങ്കാരമാക്കിയ ജനനായകരുണ്ട്; 'ചോളി കേ പീഛേ' രാഗത്തിലുള്ള ഈരടികളുമുണ്ട്.

ഒരു വേള, ഈ ധൂസരതക്കിടയിൽ പ്രത്യാശയുടെ രജത രേഖകളുണ്ടാവാം. നൂറ്റാണ്ടുകളുടെ ഫോസിലുകൾ പരീക്ഷണശാലയിൽ ദ്രവിച്ചു തീർന്നാലും നിലക്കാത്ത ആ സിംഫണി ഇനിയും കേൾക്കാനിരിക്കുകയാവും.

○ ○ ○

വിദ്യാഭ്യാസ നയത്തിനെതിരെ മന്ത്രിയെ തടഞ്ഞ യുവതീ യുവാക്കളെ പോലീസ് ലാത്തിയും തോക്കും കാട്ടി വിരട്ടുന്നു. അവരുടെ അധികാര ക്രൂരാഗ്നിയിൽ വിദ്യാർത്ഥികളുടെ കണ്ണും കാതും ഒരുവേള ജീവൻ വരെയും ഹോമിക്കപ്പെടുന്നു. ഇനിയും മൂരിയോടും, മന്ത്രിയോടും, പോത്തിനോടും വേദമോതി നാമെന്തിന് വിലപ്പെട്ട ജീവൻ പാഴാക്കുന്നു?

ആദർശാശയാഭിലാഷങ്ങളുടെ ദന്തഗോപുരത്തിൽ നിന്ന് യാഥാർത്ഥ്യത്തിന്റെ സമതലത്തിലേക്കിറങ്ങി വന്നാൽ ഒരുവേള നമ്മുടെ കൊടിമരങ്ങളിൽ നിന്ന് കാണും വിധം ചെറുതോ ബാലിശമോ ആയിരിക്കില്ല ഈ ലോകം. ഒരു പക്ഷേ മിത്തുകളുടെ മാനത്തു നിന്നനുഭവപ്പെടുന്ന 'വെർട്ടിഗോ' ആയിരിക്കാം ഈ വ്യാധികൾക്കുള്ള കാരണം.

● ● ●

വഴിയരികിലെ കാർഡ് വിൽപ്പനക്കാരനാണ് ഓർമ്മിപ്പിച്ചത്, അവസാന വർഷവും തീരാറായി. എല്ലാവരും പിരിയണമെന്നത് വിധിയോടൊപ്പം ഫാറൂഖിന്റെയും നിയോഗമാണ്.ഈ ദുഃഖസത്യത്തിന് സാക്ഷിയാണ് കോളേജ് ഗെയ്റ്റിനടുത്ത് തലയെടുപ്പോടെ ഉയർന്നു നിൽക്കുന്ന 'ഓൾഡ് സ്റ്റുഡൻസ് ഹോം.' ദുബായിയിലെ പൂർവ്വ വിദ്യാർത്ഥികളാണ് ആ കെട്ടിടം സ്പോൺസർ ചെയ്തിരിക്കുന്നത്. കടൽ കടന്നാലും മുറിയാത്ത ഈ കടപ്പാടും സ്നേഹബോധവുമാണ് ഫാറൂഖിനെ ധന്യമാക്കുന്നത്. എങ്കിലും പിരിഞ്ഞാൽ പിന്നീട് ഒരിക്കലും കൂട്ടിമുട്ടാത്ത സമാന്തര രേഖകളായി ജീവിതം താണ്ടിയാൽ മതിയോ ? പഠിച്ച് അഞ്ച് വർഷത്തിന് ശേഷമെങ്കിലുമുള്ള ഒരു തിയ്യതിയിൽ പൂർവ്വ വിദ്യാർത്ഥികൾ ഒരുമിച്ച് കൂടുന്ന ഒരു സംരംഭമുണ്ടായാൽ എത്ര മനോഹരമായിരിക്കും.

○ ○ ○

"എന്താണിറങ്ങാത്തത്?", "എന്നിറങ്ങും?", "അല്ല ! എഡിറ്റർ ഞങ്ങളുടെ മാഗസിനെവിടെ?"

ക്യാമ്പസിലിറങ്ങിയാൽ ചോദ്യങ്ങളുടെ ഘോഷയാത്രയാണ്. മാഗസിന്റെ ചട്ട മറിച്ച് നോക്കാനിടയില്ലാത്തവർക്ക് പോലും അത് പെട്ടെന്നിറങ്ങണമെന്ന് വലിയ നിർബന്ധമാണ്. കുറെക്കാലം വോട്ട് ചോദിച്ച് നടന്ന ആളല്ലെ, കാണുമ്പോൾ വെറും ഫോർമാലിറ്റിക്ക് വല്ലതും ചോദിക്കണ്ടെ, എങ്കിൽ അത് മാഗസിനെക്കുറിച്ച് തന്നെയാവാം.

എല്ലാവരും ചോദിക്കുന്നു. പക്ഷേ, ഓരോ ചോദ്യവും സ്റ്റുഡന്റ് എഡിറ്ററുടെ മനസ്സിലേക്കെറിയുന്ന തീക്കനലാണ്. എന്നിറങ്ങും എന്നത് പോകട്ടെ, ഈ സാധനം ഒട്ടിറങ്ങുമോ എന്നത് പോലും അവസാന നിമിഷംവരെ സംശയമാണ്.

○ ○ ○


മാഗസിൻ എഡിറ്റർ കോളേജ് യൂനിയനിലെ ദരിദ്രവാസിയാണ്. ഈ മാഗസിൻ എഡിറ്റർ ജനിക്കുന്നതിന് മുമ്പ് നിശ്ചയിച്ച ഒരു സംഖ്യയാണ് ഈ ആവശ്യാർത്ഥം ഫണ്ടിൽ വിലയിരുത്തിയിരിക്കുന്നത്. ന്യൂസ് പ്രിന്റ്, ഫോട്ടോ ഗ്രാഫി എല്ലാറ്റിനും തീവിലയും.


സൃഷ്ടികൾ കിട്ടിക്കുന്നത് മുതൽ പരസ്യമിരക്കുന്നത് വരെ സകലതിനും കൂട്ടായ പ്രവർത്തനം തന്നെ വേണം. ഈ നീണ്ടയാത്രയിൽ ആത്മാർത്ഥമായി സഹായിച്ച ധാരാളം പേരുണ്ട്. വലിയ തിരക്കുകൾക്കിടയിലും എന്നോട് ഏറെ കാരുണ്യം കാണിച്ച യാസീൻ സാർ, വിലപ്പെട്ട നിർദ്ദേശങ്ങൾ നല്കിയ ഹാഫിസ് സാർ . ചിത്രങ്ങൾ വരച്ച് തന്ന അസീസ്, പ്രഭാത്, ബിനു. ഈ മാഗസിനുവേണ്ടി ഏറെ വിയർപ്പൊഴുക്കിയ ഇസ്മയിൽ, മുഹമ്മദ്, തസ്നീം, മെഹർ സാക്കിർ പിന്നെ കണ്ണീരിനും കിനാവിനും നിഴലായി നിന്ന ആത്മസുഹൃത്ത് സാജിദ്, പിന്നെ,..................പ്രിയരേ, നിങ്ങളോട് തിരിച്ച് ഞാനെന്താണ് പറയേണ്ടത് ? 'ആരെങ്കിലും അണുത്തൂക്കം നന്മ പ്രവർത്തിച്ചാൽ അതവന് കിട്ടും' എന്ന ദൈവവചനം നിങ്ങൾക്ക് ആശ്വാസമേകുമെന്ന് ഞാൻ കരുതട്ടെ.

അക്ഷര ധർമ്മത്തിന്റെ മണ്ണടിഞ്ഞ മഹാമൂല്യങ്ങൾ പുനരുജ്ജീവിപ്പിക്കപ്പെടണം. അതിന് ഒന്നല്ല, ഒരായിരം മാഗസിനുകൾക്ക് കഴിയണമെന്നില്ല. എങ്കിലും, ആവിഷ്കാര വിഭ്രമത്തിന്നിടയിൽ, നിറച്ചാർത്തുകളില്ലാതെ, അതിന്റെ ധർമ്മ നിസ്സംഗമായ വിഭ്രംശത്തിന്നെതിരെയുള്ള പ്രതിഷേധത്തിന്റെ ഒരു പുൽക്കൊടിയെങ്കിലുമാവാനായാൽ ഞാൻ ധന്യനായി.

നിങ്ങളുടെ,

**ഷാജഹാൻ ഖുറൈശി.**





# എസ്സൻസ്

പൈൻവൃക്ഷങ്ങൾ സംഗീതഭേരി മുഴക്കുന്ന ഫാറൂഖാബാദിലെ ക്യാമ്പസ്. അതൊരു തലമുറയുടെ ആവേശത്തിന്റെയും ഗൃഹാതുരത്വത്തിന്റയും പ്രതീകമാണ്. അവിടെ വിരിയുന്ന ചിരിയും ചുണയും സ്നേഹവായ്പും ഒന്ന് വേറെതന്നെ. ഏദൻതോട്ടത്തിന്റെ കൊച്ചുപതിപ്പായി അതിനെ ആരെങ്കിലും കണ്ടാൽ അവർക്ക് പൊറുത്ത് കൊടുക്കൂ.

എന്താണ് ഈ ഹരിത രമ്യതയിൽ പഠിക്കുന്നവരും പഠിച്ചവരുമായ ആയിരങ്ങൾക്ക് ഈ കലാലയം നൽകിയത് ? അവർ ഫാറൂഖിനെ ഇത്രക്ക് സ്നേഹിക്കുവാനും അതിന്റെ മക്കളാണെന്ന് പറയുന്നതിൽ അഭിമാനം കൊള്ളാനും കാരണമെന്ത്?

ഇതിനുത്തരം ഫാറൂഖ്, ഫാറൂഖാണെന്നതാണ്. രാഷ്ട്രീയ പാർട്ടികളാവുന്ന രാഷ്ട്രീയപാർട്ടികളും, അദ്ധ്യാപകസംഘടനകളാവുന്ന അദ്ധ്യാപകസംഘട
കളും, എന്തും എല്ലാ നിറത്തിലുള്ളതു
ഇവിടെയുണ്ട്. പക്ഷെ ഇത്ര വലിയ സ്ഥ
പനത്തിൽ നടന്ന വിദ്യാർത്ഥി സംഘ
നങ്ങൾ എത്രകുറവ് ? പുറത്ത് രാഷ്ട്ര
യക്കാർ തമ്മിൽ അടികൂടുമ്പോഴു
വർഗ്ഗീയ കലാപങ്ങൾ പൊട്ടിപടർന്ന് പ
രുമ്പോഴും ക്യാമ്പസ് ശാന്തം. ഫാറൂഖി
സംഘട്ടനത്തിന് സ്ഥാനമില്ല. ഇവിടെ വ
രുന്നവരുടെ മതം സ്നേഹമാണ്. അദ്ധ്യ
പകരും വിദ്യാർത്ഥികളും തമ്മി
ബോസ്സും ബോസ്ഡും തമ്മിൽ എല്ലാ
സ്നേഹം. ഇതാണ് ഫാറൂഖിന്റെ
എസ്സൻസ്.

# യൂണിഫോം

ഓരോ കോളേജിനും അതിന്റേതായ
ഐഡന്റിറ്റിയുണ്ട്. യൂണിഫോമുകൾ
ഔദ്യോഗികമായി നിശ്ചയിച്ചതല്ലെങ്കിലും
തലമുറകളായി പിന്തുടർന്നു വരുന്ന ചില
പാറ്റേണുകളാണിത്. ഓരോ കലാലയത്തി
ന്റെയും പ്രകൃതവും വെക്കാബുലറിയും
ഇതിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു

ആവശ്യത്തിലധികം ചിരിക്കുക ഫ
റൂഖ് വിദ്യാർത്ഥികളുടെ സ്വഭാവമാണ്.
കോഴിക്കോട്-രാമനാട്ടുകര ബസ്സിൽ, സു
ന്ദരമായി വസ്ത്രമണിഞ്ഞ ഒട്ടും 'അപ്

ഷ്ല്ലാത്ത പഞ്ചാരപ്പിള്ളേരെകണ്ടാൽ ഉറപ്പിക്കാം അത് ഫാറൂഖ്കോളേജുകാരാണെന്ന്. ഇവിടത്തെ പെൺകുട്ടികളെ മനസ്സിലാക്കുന്നതിനും ചില എളുപ്പ വഴികളുണ്ട്. നിറങ്ങൾകൊണ്ട് കലാപം സൃഷ്ടിക്കുന്ന ചുരിദാറുകളാണ് സാധാരണ വേഷം. തലയിൽ മാന്യമായി ഷോൾ ചൂടിയിട്ടുണ്ടാവും.

## റാഗിങ്ങ്

റാഗിങ്ങ് നിയമദൃഷ്ടിയിൽ ക്രൈം ആണെങ്കിലും എല്ലാ കലാലയങ്ങളിലും അത് പൊടിപൊടിക്കുന്നു. ഫാറൂഖ് കോളേജിൽ റാഗിങ്ങില്ല. ആ പേരിൽ നടക്കുന്നത് ചില തമാശകൾ മാത്രം. എന്നാൽ റാഗിങ്ങ് പ്രേമത്തിനും വിവാഹപൂർത്തിക്കും കാരണമായ സംഭവങ്ങൾ ഇവിടെയുണ്ടായി. ഒരു ഫ്ളാഷ്ബാക്ക്: സെക്കന്റ് പി.ഡി.സി.ക്കാരൻ പയ്യൻ നവാഗതയുടെ മുഖത്ത് തുറിച്ച് നോക്കുന്നു. പീഡിതക്ക് നിമിഷങ്ങൾ മണിക്കൂറുകളായി തോന്നുന്നു. കണ്ണീരിന്റെ ഉൾക്കടൽ അവളെ വിലയം ചെയ്യുന്ന സന്നിഗ്ദനിമിഷത്തിലാണ് ഒരു അറ്റൻഡർ വില്ലനെ പിടിച്ച് പ്രിൻസിപ്പാളുടെ മുമ്പിൽ ഹാജരാക്കുന്നത്. പ്രിൻസിപ്പാൾ വിദ്യാർത്ഥിനിയെ വിസ്തരിക്കാൻ തുടങ്ങി. പക്ഷേ കേസിനൊരു തുമ്പും കിട്ടുന്നില്ല. തന്നെ സെക്കന്റ് പി.ഡി.സി.ക്കാരൻ ഒന്നും ചെയ്തില്ലെന്ന് ആ കുട്ടി ആഞ്ഞ് പറഞ്ഞു.



ഇന്ന് ആ ബാലികാ ബാലൻമാർ വിവാഹിതരാണ്. തങ്ങൾക്കുണ്ടാവുന്ന ഒന്നാമത്തെ ആൺതരിക്ക് അവർ പേര് കണ്ടെത്തിയിരിക്കുന്നു: ഫാറൂഖ്.

## അദ്ധ്യാപകർ

ഫാറൂഖ് കോളേജിന്റെ മഹത്വത്തിന് മാറ്റ് കൂട്ടുന്ന ഒന്നാണ് ഇവിടത്തെ അദ്ധ്യാപകരും അദ്ധ്യാപികമാരും. കുട്ടികളുമായി ചേട്ടനും ചേച്ചിയും അച്ഛനും അമ്മയുമായി അവർ ഇടപഴകുന്നു. നോബാർസ്. ഒട്ടനവധി മഹാരഥൻമാരായ അദ്ധ്യാപകർ പഠിപ്പിച്ച സ്ഥാപനത്തിൽ തീർച്ചയായും ചില എക്സെൻട്രിക് ജീനിയസ്സുകളുമുണ്ടായിട്ടുണ്ട്. അവരിൽ ഒരാളുടെ കഥ:

മാന്യദേഹം തികഞ്ഞ ആബ്സെന്റ് മൈൻഡഡായിരുന്നു. സ്ഥിരമായി ക്ലാസ്സിൽ കുടയും കൊണ്ടാണ് വരവ്. ഒരു സംഭവബഹുലമായ ദിവസം കക്ഷി പതിവുപോലെ ക്ലാസിലെത്തി. ഒരു സഡൻ ഐഡന്റിറ്റി ക്രൈസിസ്. കുടയെ അദ്ദേഹം കസേരയിലിരുത്തി. എന്നിട്ട് മൂലയിൽ പോയി കുടയുടെ സ്ഥാനത്ത് ചാരിനിന്നു.

മറ്റൊരു സംഭവം : ടിയാൻ ഒരു ഡീസൽ കാറ് വാങ്ങി ആദ്യമായി ഭാര്യയേയും കൂട്ടി കോഴിക്കോട് പട്ടണത്തിൽ സർക്കീട്ടിനിറങ്ങി. ഭാര്യയെ കാറിലിരുത്തി മൂത്രശങ്കതീർക്കാൻ മുന്നോട്ടാഞ്ഞപ്പോൾ കാണുന്നത് ഫാറൂഖ് കോളേജിലേക്ക് പോകുന്ന സിറ്റിബസ്. സിപ്പുയർത്തി ബഹളം വെച്ച് പ്രൊഫസർ ബസ്സിൽ കയറിപറ്റി. വീട്ടിലെത്തിയപ്പോൾ ഭാര്യയെ കാണാനില്ല ! അയാൾ ഉടനെ കോഴിക്കോട്ടേക്കു തിരിച്ചു. ബെറ്റർ ഹാഫിന്റെ ഭീകരമുഖം സ്വപ്നം കണ്ട് കാറിന്റെ അടുത്തേക്ക് മാർച്ച് ചെയ്തു. പക്ഷെ, വണ്ടിയെങ്ങിനെ സ്റ്റാർട്ടാകും. കീ അദ്ദേഹം വീട്ടിൽ വെച്ച് മറന്നിരുന്നു.



## മുഖമുദ്ര

ഫാറൂഖിലെ ദുഃഖകരമായ ഒരു സംഭവം. തങ്ങളുടെ രണ്ട് കൂട്ടുകാർ ബൈക്കപകടത്തിൽ ആശുപത്രിയിലാണെന്നറിഞ്ഞ ഓരോ വിദ്യാർത്ഥിയുടെയും ലക്ഷ്യമാണ് മെഡിക്കൽ കോളേജ് ആശുപത്രി. നിമിഷങ്ങൾക്കകം മെഡിക്കൽ കോളേജ് നിറഞ്ഞു കവിഞ്ഞു. ആശുപത്രിക്കു മുമ്പിൽ യുവാക്കളുടെ നീണ്ട നിരകണ്ട സീനിയർ ഡോക്ടർക്ക് സംശയം : വല്ല സിനിമാ ഷൂട്ടിങ്ങോ മറ്റോ ഉണ്ടോ.

പക്ഷെ, അത് ഫാറൂഖിന്റെ പ്രത്യേകതയാണ്. വ്യക്തിബന്ധങ്ങൾക്ക് പ്രാധാന്യമില്ലാത്ത ഇന്നത്തെ കലാലയാന്തരീക്ഷത്തിൽ സ്നേഹത്തിനും ബന്ധങ്ങൾക്കുമേ പ്രാധാന്യമുള്ളുവെന്ന് ഫാറൂഖ് ഉൽഘോഷിക്കുന്നു.